## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 194 — 26/02/2018-ൽ മറുപടിക്ക്

### പാലിയേറ്റീവ് രംഗത്തെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പാലിയേറ്റീവ് രംഗത്ത് സർക്കാർതലത്തിൽ സ്വീകരിച്ച് വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്ന പ്രൈമറി കെയർ, ജില്ലാ/താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ച് വിദഗ്ധ പരിചരണം നൽകുന്ന സെക്കണ്ടറി കെയർ, സാന്ത്വന പരിചരണ പരിശീലനങ്ങൾ നൽകുന്ന ടെർട്ടിയറികെയർ എന്നിങ്ങനെ വിവിധ തലങ്ങളിൽ സാന്ത്വന പരിചരണം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ആരോഗ്യ കേരളത്തിന്റെ സഹായത്തോടുകൂടി 232 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും, ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ചുകൊണ്ട് സെക്കണ്ടറി കെയറും വിപുലീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | കാട്ടാക്കട മണ്ഡലത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കിടപ്പ് രോഗികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ? | ബി) | കാട്ടാക്കട മണ്ഡലത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കിടപ്പ് രോഗികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു. |

| പഞ്ചായത്ത് | എണ്ണം |
|---|---|
| പള്ളിച്ചൽ | 110 |
| വിളപ്പിൽ | 111 |
| വിളവൂർക്കൽ | 82 |
| മലയിൻകീഴ് | 97 |
| ആമച്ചൽ | 182 |
| മാറനല്ലൂർ | 50 |

സെക്ഷൻ ഓഫീസർ